## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1104** **06-02-2023 - ൽ മറുപടിയ്ക്ക്**

## കുടിവെള്ള നിരക്ക് വർദ്ധനവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കുടിവെള്ള കണക്ഷനുകൾ ഉള്ള ഗാർഹിക ഉപഭോക്താക്കൾ വെള്ളം ഉപയോഗിക്കുന്നില്ല എങ്കിലും നൽകേണ്ട മിനിമം ചാർജ് നിലവിൽ എത്രയാണ്; ഇത്തരത്തിൽ മിനിമം ചാർജ് കണക്കാക്കുന്ന മാനദണ്ഡം അറിയിക്കുമോ; | (എ) | **കുടിവെള്ള കണക്ഷൻ ഉള്ള ഗാർഹിക ഉപഭോക്താക്കൾക്ക് മിനിമം വാട്ടർ ചാർജ് ഒരു മാസം 22.05 രൂപ എന്ന നിരക്കിലും ദ്വൈ മാസം 44.10 എന്ന നിരക്കിലും ആണ്. ഒരു മാസം 5000 ലിറ്റർ ജലത്തിനാണ് മിനിമം കണക്കാക്കുന്നത്.** |
| (ബി) | ലിറ്ററിന് ഒരു പൈസ നിരക്ക് വർദ്ധനവ് നടപ്പാക്കിയാൽ മിനിമം ചാർജ് എത്രയായി വർദ്ധിക്കും എന്ന് അറിയിക്കുമോ; ഇപ്രകാരം നിരക്ക് വർദ്ധനവ് നടപ്പാക്കിയാൽ മിനിമം ചാർജ് നിലവിലെ നിരക്കിന്റെ എത്ര ഇരട്ടിയാകുമെന്ന് വ്യക്തമാക്കുമോ; | (ബി) | **ഒരു ലിറ്റർ കുടിവെള്ളത്തിന് ഒരു പൈസ നിരക്കിൽ വർദ്ധിപ്പിക്കുമ്പോൾ ഗാർഹിക ഉപഭോക്താക്കൾക്ക് മാസം 5,000 ലിറ്റർ വരെയുള്ള ജലത്തിന് 22.05രൂപയിൽ നിന്നും 72.05 രൂപയായും വർദ്ധിക്കും. മിനിമം ചാർജ് നിലവിലെ നിരക്കിന്റെ മൂന്ന് മടങ്ങിലധികം വർദ്ധനവ് ആകും. എന്നാൽ ബി.പി.ൽ കുടുംബങ്ങൾക് പ്രതിമാസം 15,000 ലിറ്റർ ജലം സൗജന്യമായി നൽകിവരുന്നത് തുടരും.** |
| (സി) | സാധാരണക്കാരായ ഉപഭോക്താക്കൾക്ക് അമിത ബാധ്യത വരുത്തുന്ന നിരക്ക് വർധന ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | **നിലവിൽ 1,000 ലിറ്റർ (ഒരു കിലോ ലിറ്റർ) ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിന് 22.85 രൂപ വാട്ടർ അതോറിറ്റിക്ക് ചിലവാകുന്നുണ്ട്. എന്നാൽ ശരാശരി 10.92 രൂപ മാത്രമാണ് ഒരു കിലോ ലിറ്റർ ജലത്തിൽ നിന്നും വരുമാനമായി ലഭിക്കുന്നത്. അതായത് ഒരുകിലോ ലിറ്റർ ജലം വിതരണം ചെയ്യുമ്പോൾ വാട്ടർ അതോറിറ്റിക്ക് 11.93 രൂപ നഷ്ടം വരുന്നുണ്ട്. ജല ശുദ്ധീകരണത്തിനും വിതരണത്തിലും വരുന്ന ചിലവിനേക്കാൾ വളരെ കുറഞ്ഞ നിരക്കിൽ ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നത് വഴി വാട്ടർ അതോറിറ്റിക്ക് ഭീമമായ നഷ്ടമാണ് പ്രതിവർഷം ഉണ്ടാകുന്നത്. വർഷാവർഷം വർധിച്ച് വരുന്ന വൈദ്യുതി ചാർജ്ജ്, കെമിക്കൽസിന്റെ വില വർദ്ധനവ്, അറ്റകുറ്റ പണികളുടെ ചെലവ്, വായ്പ തിരിച്ചടവ്, ശമ്പളം, പെൻഷൻ ചെലവ് എന്നിവക്ക് അനുസൃതമായി വാട്ടർ ചാർജ്ജിൽ വർദ്ധനവ് ഉണ്ടാകുന്നില്ല.** |

| | | | |
|---|---|---|---|
| | | | വൈദ്യുതി ചാർജ്ജ് ഇനത്തിൽ KSEB-ക്കു 1263.64 കോടി രൂപ വാട്ടർ അതോറിറ്റി നൽകാനുണ്ട്. മാത്രമല്ല 2018 മുതൽക്കുള്ള പെൻഷൻ ആനുകൂല്യങ്ങളും, PF ഉൾപ്പെടെയുള്ള മറ്റു ആനുകൂല്യങ്ങളും ജീവനക്കാർക്ക് കൊടുക്കാനുണ്ട്. അറ്റകുറ്റപ്പണികൾ ചെയ്ത വകയിൽ കരാറുകാർക്ക് 137.06 കോടി രൂപ കൊടുത്തു തീർക്കാനുണ്ട്. രാസവസ്തുക്കൾ, അറ്റകുറ്റപണികളുടെ ഉപകരണങ്ങൾ, കൂലി, തുടങ്ങിയവയുടെ വില വർദ്ധിച്ചു. കൂടാതെ സ്കീമുകളുടെ പ്രായാധിക്യം കാരണം ഓപ്പറേഷൻ മെയിന്റനൻസ് ചെലവുകളും ഗണ്യമായി വർദ്ധിച്ചു. ജലവിതരണ, മലിനജല മേഖലകളിൽ സമയബന്ധിതമായ നവീകരണം അനിവാര്യമാണ്. ഇതിനു തുക കണ്ടെത്തേണ്ടതുണ്ട്. അതിനാൽ വാട്ടർ ചാർജ്ജ് വർദ്ധിപ്പിക്കുക വഴി പൊതുജനങ്ങൾക്ക് തുടർച്ചയായി മെച്ചപ്പെട്ട സേവനങ്ങൾ നൽകാൻ സഹായിക്കും. എന്നിരുന്നാലും 6.5 ലക്ഷം ബി.പി.എൽ വിഭാഗത്തിൽ പെട്ട ഉപഭോക്താക്കൾക്ക് പ്രതിമാസം 15,000 ലിറ്റർ ജലം സൗജന്യമായി നൽകിവരുന്നത് തുടരും. ഈ സാഹചര്യത്തിൽ വാട്ടർ ചാർജ്ജ് വർധനവ് ഒഴിവാക്കാൻ നിർവാഹമില്ല എന്ന് കാണുന്നു. |

സെക്ഷൻ ഓഫീസർ